**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 160** **05-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | പട്ടാമ്പി മണ്ഡലം ഉൾപ്പെടെ സംസ്ഥാനത്ത് ഒട്ടാകെ ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായും മറ്റു വിഭാഗങ്ങൾക്ക് മിതമായ നിരക്കിലും എല്ലാ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇടതടവില്ലാതെയും ഇന്റർനെറ്റ് സേവനം നൽകുവാനാണ് കെ-ഫോൺ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിനനുസൃതമായി മണ്ഡലത്തിൽ 197 കിലോമീറ്റർ എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable) -ഉം 282 സർക്കാർ ഓഫീസുകളിൽ അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടം എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | കെ ഫോണിന്റെ ആദ്യ ഘട്ടം 2022 ഡിസംബർ 31 തീയതിയോടെ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | പൊതുജനങ്ങൾക്ക് കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാവുന്ന സേവനങ്ങൾ ഏന്തെല്ലാം; ആയത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ? | (സി) | മോണിറ്റൈസേഷൻ ഉൾപ്പെടെയുള്ള കെ-ഫോണിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദേശങ്ങൾ ലഭ്യമായതിനു ശേഷം അത് പരിശോധിച്ച കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ, നിരക്ക്, പ്ലാൻ, നടപടിക്രമം എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ